## ഉത്തരം

(എ) ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള ഫണ്ട് (ഐ.ഡി.എം.ഐ.) ലഭിക്കുന്നതിന് ഈ സർക്കാർ വന്നശേഷം താഴെപ്പറയുന്ന രീതിയിൽ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

2011-12 - 194 അപേക്ഷകൾ

2013-14 - 454 "

(ബി) 2011-12 - 166 അപേക്ഷകൾ 2013-14 - 371 അപേക്ഷകൾ എന്ന ക്രമത്തിൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(സി) 2011-12 വർഷത്തിൽ 137 അപേക്ഷകർക്ക് ഫണ്ട് അനുവദിച്ചു കൊണ്ടുള്ള ഉത്തരവ് ലഭിച്ചിട്ടുണ്ട്. അതിൽ 116 അപേക്ഷകർക്ക് ഫണ്ടും ലഭിച്ചിട്ടുണ്ട്. ബാക്കിയുള്ള 21 സ്ഥാപനങ്ങൾക്ക് ഫണ്ട് കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിക്കാനുണ്ട്. 2013-14 വർഷത്തിൽ 29 സ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിച്ചുകൊണ്ട് ഉത്തരവ് ലഭിച്ചെങ്കിലും ഫണ്ട് കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ചിട്ടില്ല.

(ഡി) 2011-12 വർഷത്തിൽ 28 അപേക്ഷകൾ കേന്ദ്ര ഗവൺമെന്റ് ഗ്രാന്റ് നൽകാതെ നിരാകരിച്ചിട്ടുണ്ട്. 2013-14 വർഷത്തിൽ 342 അപേക്ഷകൾ നിരാകരിച്ചിട്ടുണ്ട്.

(ഇ) ഓരോ അപേക്ഷയും തിരിച്ചയച്ചതിന്റെ കാരണം ലഭ്യമായിട്ടില്ല. എന്നാൽ എല്ലാ അപേക്ഷകൾക്കും പൊതുവായി മാനദണ്ഡങ്ങൾ പാലിക്കാത്തെയാണ് അയച്ചതെന്ന വിവരമാണ് കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ചത്.

(എഫ്) അപേക്ഷകൾ സംസ്ഥാന ഗ്രാന്റ്-ഇൻ-എയിഡ് കമ്മിറ്റിയുടെ സൂക്ഷ്മ പരിശോധനയ്ക്കുശേഷമാണ് കേന്ദ്ര ഗവൺമെന്റിലേക്ക് അയയ്ക്കുന്നത്.

(ജി) വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് യുക്തമായ നിർദ്ദേശങ്ങൾ നൽകുന്നതാണ്.

## ഹയർ സെക്കണ്ടറി വിദ്യാഭ്യാസ പഠന കമ്മീഷൻ

35 (1105) ശ്രീ. എ. എ. അസീസ് :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹയർ സെക്കന്ററി വിദ്യാഭ്യാസത്തെ സംബന്ധിച്ച് പഠനം നടത്തുന്നതിനായി കമ്മീഷനെ നിയമിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) എങ്കിൽ കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് സമർപ്പിച്ചത് ;

(സി) റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തൊക്കെയാണ് ;

(ഡി) പ്രസ്തുത റിപ്പോർട്ടിന്മേൽ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരളത്തിലെ ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖല നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുവാനായി പ്രൊഫ. പി. ഒ. ജെ. ലബ്ബ ചെയർമാനായും ശ്രീ. ജോർജ്ജ് ഓണക്കൂർ, ശ്രീ കെ. ജി. സുകുമാരപിള്ള എന്നിവർ അംഗങ്ങളായും ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.

(ബി) പ്രൊഫ. പി. ഒ. ജെ. ലബ്ബ ചെയർമാനായ കമ്മിറ്റി 16-4-2013-ന് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(സി) റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

## ഹയർ സെക്കണ്ടറി വിഭാഗത്തിന് പുതിയ മൂന്ന് മേഖലാകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ

**36 (1106) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കന്ററി വിഭാഗത്തിന് പുതിയ മൂന്ന് മേഖലാ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലായി എന്ന് വിശദാംശം ലഭ്യമാക്കുമോ ;

(ബി) കോഴിക്കോട് മേഖലാകേന്ദ്രത്തെപ്പറ്റി എന്തെങ്കിലും പരാതി ഉണ്ടായിട്ടുണ്ടോയെന്നും എങ്കിൽ എന്തൊക്കെയാണ് പരാതി എന്നും വ്യക്തമാക്കുമോ :

(സി) ഇവിടെ വിജിലൻസ് പരിശോധന നടന്നിരുന്നോ എന്നും എങ്കിൽ എന്തൊക്കെ കാര്യങ്ങളാണ് കണ്ടെത്തിയതെന്നും വ്യക്തമാക്കുമോ ;

(ഡി) 'സേവനാവകാശ നിയമം' ഈ ഓഫീസിൽ ബാധകമാണോ എന്ന് വ്യക്തമാക്കുമോ ; എങ്കിൽ അതിനുവേണ്ടി എന്തൊക്കെ കാര്യങ്ങൾ ഈ ഓഫീസിൽ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) 2013 മേയ് മുതൽ അദ്ധ്യാപകർ, ലാബ് അസിസ്റ്റന്റുമാർ എന്നിവരുടെ നിയമന അംഗീകാരത്തിനായി കോഴിക്കോട് ആർ.ഡി.ഡി.യിൽ എത്ര അപേക്ഷകൾ ലഭിച്ചു എന്ന് സ്കൂൾ തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(എഫ്) ഈ അപേക്ഷകളിൽ എത്ര എണ്ണത്തിൽ തീർപ്പുകൽപ്പിച്ചു എന്ന് സ്കൂൾ തിരിച്ച് വ്യക്തമാക്കുമോ ;

(ജി) 2013 മേയ് മുതൽ ലഭിച്ച അപേക്ഷകളിൽ നവംബർ 30 വരെ ഒരു നടപടിയും സ്വീകരിക്കാത്ത അദ്ധ്യാപകരുടെയോ ലാബ് അസിസ്റ്റന്റിന്റെയോ ഏതെങ്കിലും അപേക്ഷയുണ്ടോ എന്നും ഉണ്ടെങ്കിൽ അത് ആരുടെയൊക്കെ യാണെന്നും ഇതിന് കാരണമെന്താണെന്നും വ്യക്തമാക്കുമോ ; ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും കത്തിടപാടുകൾ നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly